പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **3069** — 13.10.2011 ൽ മറുപടിയ്ക്ക്

**അദ്ധ്യാപകനെ ആക്രമിച്ച സംഭവം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) മുൻമന്ത്രി ആർ.ബാലകൃഷ്ണപിള്ളയുടെ ഉടമസ്ഥതയിലുള്ള സ്കൂളിലെ അദ്ധ്യാപകൻ ആക്രമിക്കപ്പെട്ടതുമായി ബന്ധപ്പെട്ട് ശ്രീ. ബാലകൃഷ്ണപിള്ളക്കെതിരെയുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) അദ്ധ്യാപകൻ ആക്രമിയ്ക്കപ്പെട്ടതുമായി ബന്ധപ്പെട്ടുണ്ടായ ആരോപണങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) അദ്ധ്യാപകൻ ആക്രമിക്കപ്പെട്ടതിന്റെ സമീപ ദിവസങ്ങളിൽ ശ്രീ.ബാലകൃഷ്ണ പിള്ള തടവിൽ കഴിയവെ സ്വന്തം മൊബൈലിൽ നിന്ന് നിരവധി തവണ നിയമവിരുദ്ധമായി ഫോണിൽ പലരുമായും സംസാരിച്ചതിനെക്കുറിച്ച് മാധ്യമങ്ങളിൽ വന്ന വാർത്തകൾ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രീ. ബാലകൃഷ്ണപിള്ളയുടെ മൊബൈലിൽ നിന്നും ഫോണിൽ സംസാരിച്ചതു സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (സി) ഇതേക്കുറിച്ച് അന്വേഷണം നടത്തിയി ട്ടുണ്ടോ ; ലഭ്യമായ വിവരങ്ങൾ വിശദമാക്കാമോ ? | (സി) 29.09.2011 ന് "റിപ്പോർട്ടർ " ചാനലിന്റെ പ്രതിനിധിയുമായി ബാലകൃഷ്ണപിള്ള സംസാരിച്ചത് സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തുകയുണ്ടായി. അന്വേഷ ണത്തിൽ ബാലകൃഷ്ണപിള്ള മേൽപ്പടി പ്രതിനിധിയുമായി സംസാരിച്ചത് ബോധ്യ പ്പെടുകയുമുണ്ടായി. അനുവാദമില്ലാതെയും ജയിൽ ഉദ്യോഗസ്ഥരുടെ അസാന്നിദ്ധ്യത്തിലും മൊബൈൽ ഫോണിൽ സംസാരിച്ചത് കേരള പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസ് |

....2

(മാനേജ്മെന്റ്) ആക്ട് 2010 ലെ വകുപ്പ് 81(27)ലെ വ്യവസ്ഥകളുടെ ലംഘനമാണ്. മേൽപ്പറഞ്ഞ കുറ്റത്തിന് ടി ആക്ടിലെ 82(ഡി) വകുപ്പ് പ്രകാരമുള്ള ശിക്ഷ ടിയാന് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ